# കുളമാവ് , മുട്ടം പോലീസ് സ്റ്റേഷൻ ഉദ്ഘാടനം




സംസ്ഥാനത്തെ വിവിധ ജില്ലകളിലായി നിർമ്മാണം പൂർത്തീകരിച്ച പോലീസ് കെട്ടിടങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനവും, നിർമ്മാണം തുടങ്ങാനുള്ള കെട്ടിടങ്ങളുടെ ശിലാ സ്ഥാപനവും ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ 2020 ഒക്ടോബർ 26 -ന് വീഡിയോ കോൺഫറൻസിങ്ങിലൂടെ നിർവഹിച്ചു. ഇടുക്കിയിലെ മുട്ടം, കുളമാവ് പോലീസ് സ്റ്റേഷനുകളുടെ പുതിയ കെട്ടിടങ്ങളും ചടങ്ങിൽ ഉൾപ്പെടുന്നു.




ബഹു.വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം എം മണി അവർകൾ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഇടുക്കി എം.പി ശ്രീ. ഡീൻ കുര്യാക്കോസ്, എം.എൽ.എ മാരായ ശ്രീ. പി.ജെ ജോസഫ്, ശ്രീ.റോഷി അഗസ്റ്റ്യൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കുമാരി. കൊച്ചുത്രേസ്യ പൗലോസ് തുടങ്ങിയ

ജനപ്രതിനിധികളും, സംസ്ഥാന പോലീസ് മേധാവി ശ്രീ. ലോക്നാഥ് ബഹ്റ ഐ.പി.എസ് അവർകൾ, എ.ഡി.ജി.പി ശ്രീ. ഷേക്ക് ദർവേഷ് സാഹേബ് ഐ.പി.എസ്, ഐ.ജി.പി ശ്രീമതി. ഹർഷിത അട്ടല്ലൂരി ഐ.പി.എസ്, ഡി.ഐ.ജി ശ്രീ. കാളിരാജ് മഹേഷ്കുമാർ ഐ.പി.എസ്, ജില്ലാ പോലീസ് മേധാവി ശ്രീ. ആർ കറുപ്പസാമി ഐ.പി.എസ് ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർ, മറ്റ് പോലീസ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർ ചടങ്ങിൽ സന്നിഹിതരായി.






*****************************************************